Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/1629 (3) തീയതി : 28.02.2025

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ദീർഘിപ്പിക്കൽ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം 4775 സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) വിതരണം ചെയ്ത ലാപ്ടോപ്പ്, പ്രൊജക്ടർ, ഡി.എസ്.എൽ.ആർ ക്യാമറ, എൽ.ഇ.ഡി. ടി.വി., വെബ്ക്യാം, പ്രൊജക്ഷൻ സ്ക്രീൻ, എച്ച്.ഡി.എം.ഐ കേബിൾ, ഫേസ് പ്ലേറ്റ്, സീലിംഗ് മൗണ്ട് കിറ്റ്, യു.എസ്.ബി സ്പീക്കർ, ഡെസ്ക്ടോപ്പ് എന്നീ ഉപകരണങ്ങൾക്ക് **28.02.2025 മുതൽ 27.02.2026** വരെ ഇൻഷുറൻസ് പരിരക്ഷ പുതുക്കിയിട്ടുണ്ട്. സ്കൂളുകളിലെ ടി ഉപകരണങ്ങൾക്ക് ഇൻഷുറൻസ് ക്ലെയിം ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് പ്രൈമറി ഹൈടെക് ലാബ് പദ്ധതി പ്രകാരമുള്ള IT ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുന്നത്. പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കുന്നതിനും സൂക്ഷിക്കുന്നതിനും സ്കൂളുകളിൽ പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്.
2. താഴെ പറയുന്ന കെടുതികളിൽ നിന്നും ഉള്ള പരിരക്ഷ ആണ് ഇൻഷുറൻസ് പോളിസിയിലൂടെ ലഭ്യമാകുന്നത്.
    - തീപിടുത്തം
    - പ്രകൃതിക്ഷോഭങ്ങൾ (ഭൂകമ്പം, മിന്നൽ, മണ്ണിടിച്ചിൽ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, ടൈഫൂൺ, വെള്ളപ്പൊക്കം)
    - കലാപം, പണിമുടക്ക്, ക്ഷുദ്ര നാശം
    - കവർച്ച, മോഷണം
    - ആകസ്മികമായ ബാഹ്യക്ഷതം (ബോധപൂർവമല്ലാത്ത ഫിസിക്കൽ ഡാമേജ്)
3. മേൽപ്പറഞ്ഞ കാരണങ്ങളാൽ നാശനഷ്ടം സംഭവിച്ചാൽ ഇൻഷുറൻസ് ക്ലെയിം ലഭിക്കുന്നതിന് www.kite.kerala.gov.in ൽ notification ൽ ലഭ്യമാക്കിയിട്ടുള്ള ക്ലെയിം ഫോം പൂരിപ്പിച്ച് KITE ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് സഹിതം ഇൻഷുറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും (insurance@kite.kerala.gov.in) അതാതു ഡിസ്ട്രിക്ട് ഓഫീസിലേക്കും ഇ-മെയിൽ മുഖാന്തിരം, സംഭവം നടന്ന് 14 ദിവസത്തിനകം സ്കൂൾ പ്രഥമധ്യാപകൻ ലഭ്യമാക്കേണ്ടതാണ്. യഥാസമയം ക്ലെയിം അറിയിക്കാത്തപക്ഷം ഇൻഷുറൻസ് ക്ലെയിം നിരസിക്കുന്നതാണ്.

4. ഇ-മെയിൽ മുഖേന നൽകിയത് കൂടാതെ, ഒറിജിനൽ രേഖകളും സ്കൂൾ കോഡ്, സ്കൂൾ വിലാസം, പ്രഥമാധ്യാപകരുടെ മൊബൈൽ ഫോൺ നമ്പർ, സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് എന്നിവയും United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram-695101 എന്ന വിലാസത്തിലേയ്ക്ക് തപാലിൽ അയക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ എല്ലാത്തരം കെടുതികൾക്കും ആവശ്യമാണ്.

5. ഇതുകൂടാതെ,
   - കലാപം, പണിമുടക്ക്, ക്ഷുദ്രനാശം, കവർച്ച, മോഷണം എന്നീ കെടുതികൾക്ക് Police FIR, Final report / Non-traceable certificate എന്നിവ നിർബന്ധം ആണ്. ആയതിനാൽ ഈ രേഖകൾ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർ ശേഖരിച്ച് നൽകേണ്ടതാണ്.
   - തീപിടുത്തം സംഭവിച്ചാൽ അഗ്നിശമനസേന യൂണിറ്റ് ഓഫീസിലെ റിപ്പോർട്ട് കൂടി ലഭ്യമാക്കണം.
   - ആകസ്മികമായ ബാഹ്യക്ഷതം (ബോധപൂർവമല്ലാത്ത ഫിസിക്കൽ ഡാമേജ്), പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കെടുതികൾക്ക് KITE നിർദ്ദേശിക്കുന്ന അപ്രൂവ്ഡ് സർവീസ് പ്രൊവൈഡർ മുഖേന എസ്റ്റിമേറ്റ് ഓഫ് ലോസ് സമർപ്പിക്കേണ്ടതാണ്.

6. ക്ലെയിം പരിശോധിക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനി ചുമതലപ്പെടുത്തുന്ന സർവെയർ സ്കൂൾ സന്ദർശിക്കുമ്പോൾ കേടുപാട് സംഭവിച്ച IT ഉപകരണങ്ങളും അതുമായി ബന്ധപ്പെട്ട ആവശ്യപ്പെടുന്ന രേഖകളും ലഭ്യമാക്കേണ്ടതാണ്.

7. ഉപകരണങ്ങൾ സ്കൂൾ കാമ്പസിനുള്ളിലായിരിക്കുമ്പോൾ സംഭവിക്കുന്ന കേടുപാടുകൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ IT ഉപകരണങ്ങൾ നിലവിലുള്ള നിർദേശങ്ങളനുസരിച്ച് സ്കൂൾ അധികൃതരുടെ അനുവാദത്തോടെ കാമ്പസിനു പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
ഹൈടെക് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
സി.ഇ.ഒ, കിഫ്ബി } അറിവിലേക്ക്
പൊതുവിദ്യാഭ്യാസ ഡയറക്ടർ }
എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ